**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.962    05.03.2020-ൽ മറുപടിയ്ക്ക്**

**ഡിസ്കൗണ്ടിംഗ് സമ്പ്രദായം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.ടി.ബൽറാം** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| **(എ)** പൊതുമരാമത്ത് പണികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ വകയിൽ നാളിതുവരെ കരാറുകാർക്ക് കൊടുത്തുതീർക്കാനുള്ള തുക എത്രയാണെന്നും ഇത് കുടിശ്ശികയായത് എന്ന് മുതലാണെന്നും വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 01/04/2019 മുതൽ 31/12/2019 വരെ കുടിശ്ശികയായി 1258.40 കോടി രൂപ കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 01/04/2019 മുതൽ 31/10/2019 വരെയുള്ള കുടിശ്ശികയായി 300,14,61,000/- രൂപ കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്.<br>2019-20 സാമ്പത്തിക വർഷത്തിൽ ദേശീയപാത വിഭാഗത്തിൽ നാളിതുവരെ 30,21,09,383/- രൂപ കരാറുകാർക്ക് വിതരണം ചെയ്യുവാനുണ്ട്. |
| **(ബി)** ഡിസ്കൗണ്ടിംഗ് രീതി നിലവിൽ വന്നതിന് ശേഷം ഈ സൗകര്യം എത്ര ശതമാനം കരാറുകാരാണ് വിനിയോഗിച്ചിട്ടുള്ളതെന്നും ഇതുവഴി കരാറുകാർക്ക് എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൽ മൂവാറ്റുപുഴ ഡിവിഷനിൽ നിന്നും ബി.ഡി.എസ് മുഖാന്തിരം 84,05,492/- രൂപയും കൊടുങ്ങല്ലൂർ ഡിവിഷനിൽ നിന്നും 29,55,450/- രൂപയും നൽകിയിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 75 ശതമാനത്തോളം കരാറുകാരും കെട്ടിടവിഭാഗത്തിൽ 73 ശതമാനത്തോളം കരാറുകാരും ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഉപയോഗിക്കുന്നുണ്ട്. കരാറുകാർക്ക് ബി.ഡി.എസ് വഴി ലഭിച്ച തുക അഡ്ജസ്റ്റ് ചെയ്യുന്നത് ധനകാര്യ വകുപ്പിൽ നിന്നുമാണ്. |

| | | | |
|---|---|---|---|
| (സി) | ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതുവഴി സർക്കാരിന് അധിക ചെലവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് ഏത് ഇനത്തിലാണെന്നും എത്രയെന്നും വ്യക്തമാക്കാമോ? | (സി) | ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തിയതു വഴി ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജ് ഇനത്തിൽ സർക്കാരിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. ഡിസ്കൗണ്ട് ചെയ്യുന്ന തുകയുടെ 5% പലിശ ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നൽകേണ്ടതാണ്.<br>നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ , 3054-80-800-87-N-V എന്ന ശീർഷകത്തിൽ ഉള്ള ഈ ഇനത്തിലെ ചെലവ് താഴെപ്പറയുന്നു.<br>2017-18 - 1090.84 ലക്ഷം രൂപ.<br>2018-19 - 630.16 ലക്ഷം രൂപ.<br>2019-20 - 431.01 ലക്ഷം രൂപ(31/01/2020 വരെ).<br>പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ 2059-80-800-93-N-V എന്ന ശീർഷകത്തിൽ ഉള്ള ഈ ഇനത്തിലെ ചെലവ് താഴെ കൊടുക്കുന്നു.<br>2017-2018 – 434.05 ലക്ഷം രൂപ.<br>2018-2019 – 214.15 ലക്ഷം രൂപ.<br>2019-2020 – 227.14 ലക്ഷം രൂപ.<br>(29.02.2020 വരെ) |

സെക്ഷൻ ഓഫീസർ